ക്ലാസ്സുകൾ എന്നിവ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലും ഫീൽഡ് തലത്തിൽ പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേനയും സംഘടിപ്പിക്കാറുണ്ട്. എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഇക്കാര്യത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ശക്തമായി നടപ്പാക്കുന്നതിലൂടെ പട്ടികവർക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് കഴിയുന്നുണ്ട്. ടി നിയമം നടപ്പാക്കുന്നതിനും, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമസഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ പദ്ധതി ഉറപ്പുവരുത്തുന്നുണ്ട്. 1989-ലെ പട്ടികജാതി/ പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും ടി കേസ്സുകളുടെ സമയബന്ധിത തീർപ്പാക്കലിന് മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും സ്പെഷ്യൽ കോടതികളും ആരംഭിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.*

ഗോത്രഭാഷ പ്രീ-പ്രൈമറി കരിക്കുലത്തിന്റെ ഭാഗമാക്കാൻ നടപടി

288 (658) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതൊക്കെ ആദിവാസി വിഭാഗങ്ങളുണ്ടെന്നും ഓരോ ഗോത്രത്തിലെയും ഭാഷ എന്താണെന്നും വ്യക്തമാക്കുമോ ;

(ബി) ആദിവാസി ഊരുകളിൽ എത്ര അങ്കണവാടികളുണ്ട് എന്നും ഇവിടെ ഏത് ഭാഷയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) ഗോത്രഭാഷ മാത്രം അറിയുന്ന കുട്ടികളെ മറ്റ് ഭാഷയിൽ പഠിപ്പിക്കുന്നത് കാരണം വിദ്യാലയത്തോടും പഠനത്തോടും അകൽച്ച കാണിച്ച് കുട്ടികൾ പഠനം അവസാനിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഊര് ഭാഷ, കലാരൂപങ്ങൾ, പാട്ടുകൾ എന്നിവ നിലവിലുള്ള പ്രീ-പ്രൈമറി കരിക്കുലത്തിന്റെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ 37 പട്ടികവർഗ്ഗ വിഭാഗങ്ങളുണ്ട്. സമുദായങ്ങളുടെ പേരും അവരുടെ ഭാഷയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ 1450 അംഗൻവാടികൾ ആദിവാസി ഊരുകളിൽ സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 13 നഴ്സറി സ്കൂളുകൾ, 25 കിന്റർ ഗാർട്ടനുകൾ, 3 ബാല വിജ്ഞാന കേന്ദ്രങ്ങൾ, 4 വികാസ് വാടികൾ എന്നിവയും പ്രവർത്തിച്ചുവരുന്നു. നിലവിൽ അംഗൻവാടി വർക്കർമാർ മലയാള ഭാഷയാണ് പൊതുവിൽ ഉപയോഗിക്കുന്നത്. എന്നാൽ പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ട വർക്കർമാർ അവരുടെ നൈപുണ്യം അനുസരിച്ച് ഗോത്ര ഭാഷയും ഉപയോഗിച്ചുവരുന്നു.

(സി) ഗോത്രവിഭാഗത്തിലെ കുട്ടികളുടെ വിദ്യാലയത്തിൽ നിന്നുമുള്ള കൊഴിഞ്ഞുപോക്കിന്റെ വിവിധ കാരണങ്ങളിൽ ഒന്ന് ഭാഷാ പ്രശ്നമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രീ-പ്രൈമറി കരിക്കുലം തയ്യാറാക്കുന്നതിന് നേതൃത്വം കൊടുക്കുന്നത് എസ്.സി.ഇ.ആർ.ടി., സാമൂഹ്യക്ഷേമ വകുപ്പ് എന്നിവയാണ്. ഗോത്രഭാഷ പാട്ടുകൾ, കലാരൂപങ്ങൾ തുടങ്ങിയവ സംരക്ഷിക്കുന്നതിന് അവ രേഖപ്പെടുത്തുകയും പണിയ ഭാഷയ്ക്ക് ലിപി തയ്യാറാക്കുന്നതിനുമുള്ള നടപടികൾ കിർത്താഡ്സ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ കൊറഗ, കാട്ടുനായ്ക്കൻ, അടിയ സമുദായങ്ങൾക്കുള്ള മലയാള ഭാഷാ പാഠാവലികളും കിർത്താഡ്സ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

ഹാംലറ്റ് വികസന പദ്ധതി

289 (659) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബഹുവകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കായി ഹാംലറ്റ് വികസന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly